**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3588** **26-10-2021 - ൽ മറുപടിയ്ക്ക്**

**ജന്മനാ ഗർഭപാത്രമില്ലാത്ത അവസ്ഥയെ അംഗപരിമിതിയായി പരിഗണിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ജന്മനാ ഗർഭപാത്രമില്ലാത്ത അവസ്ഥയെ അംഗപരിമിതിയായി പരിഗണിക്കണമെന്ന സംസ്ഥാന സർക്കാരിന്റെ ഉത്തരവ് സാധൂകരിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ വിജ്ഞാപനം നേടിയെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ജന്മനാ ഗർഭപാത്രമില്ലാത്ത അവസ്ഥയെ 50% ഭിന്നശേഷിത്വമായി പരിഗണിച്ചുകൊണ്ട് ആരോഗ്യ വകുപ്പ് G O (Ms) No:165/2017/H&FWD തീയതി 18.11.2017 ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഭിന്നശേഷിത്വം കേന്ദ്ര നിയമത്തിൽ ഉൾപ്പെടുത്തുന്നതിനായി Rights of Persons with Disabilities Act 2016 ന്റെ വകുപ്പ് 2 ലെ (ZC) ഉപവകുപ്പ് പ്രകാരമുള്ള ഷെഡ്യൂളിൽ ഭേദഗതി വരുത്തുന്നതിനും വകുപ്പ് 34 ഭേദഗതി വരുത്തുന്നതിനുമുള്ള ശുപാർശ കത്തും, ഓർമ്മക്കുറിപ്പും കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്. |
| (ബി) | ഭിന്നശേഷിക്കാരുടെ അവകാശം സംബന്ധിച്ച നിയമം 2016-ൽ ഗർഭപാത്രമില്ലാത്ത അവസ്ഥ വൈകല്യങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ജന്മനാ ഗർഭപാത്രമില്ലാത്ത അവസ്ഥയെ 50% ഭിന്നശേഷിത്വമായി പരിഗണിച്ചുകൊണ്ട് ആരോഗ്യ വകുപ്പ് G O (Ms) No:165/2017/H&FWD തീയതി 18.11.2017 ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഭിന്നശേഷിത്വം കേന്ദ്ര നിയമത്തിൽ ഉൾപ്പെടുത്തുന്നതിനായി Rights of Persons with Disabilities Act 2016 ന്റെ വകുപ്പ് 2 ലെ (ZC) ഉപവകുപ്പ് പ്രകാരമുള്ള ഷെഡ്യൂളിൽ ഭേദഗതി വരുത്തുന്നതിനും വകുപ്പ് 34 ഭേദഗതി വരുത്തുന്നതിനുമുള്ള ശുപാർശ കത്തും, ഓർമ്മക്കുറിപ്പും കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത വൈകല്യം പട്ടികയിൽ ഉൾപ്പെടുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ആയതിന്റെ വിശദവിവരം നൽകാമോ? | (സി) | ജന്മനാ ഗർഭപാത്രമില്ലാത്ത അവസ്ഥയെ 50% ഭിന്നശേഷിത്വമായി പരിഗണിച്ചുകൊണ്ട് ആരോഗ്യ വകുപ്പ് G O (Ms) No:165/2017/H&FWD തീയതി 18.11.2017 ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഭിന്നശേഷിത്വം കേന്ദ്ര നിയമത്തിൽ ഉൾപ്പെടുത്തുന്നതിനായി Rights of Persons with Disabilities Act 2016 ന്റെ വകുപ്പ് 2 ലെ (ZC) ഉപവകുപ്പ് പ്രകാരമുള്ള ഷെഡ്യൂളിൽ ഭേദഗതി വരുത്തുന്നതിനും വകുപ്പ് 34 ഭേദഗതി |

| | | | |
|---|---|---|---|
| | | | വരുത്തുന്നതിനുമുള്ള ശുപാർശ കത്തും, ഓർമ്മക്കുറിപ്പും കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ